നഴ്സിംഗ് കോളേജ് പ്രിൻസിപ്പലിനെ പിരിച്ചുവിട്ടതിന് വകുപ്പുതല അന്വേഷണം

107(807) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീമെറ്റിന്റെ കീഴിലുള്ള മലമ്പുഴ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ ആയിരുന്ന ഡോ. ജാനറ്റിനെ സർവ്വീസിൽനിന്നും പിരിച്ചുവിടാനുള്ള കാരണങ്ങൾ എന്തായിരുന്നു; വകുപ്പുതല അന്വേഷണത്തിന് ശേഷമാണോ പിരിച്ചുവിട്ടത്; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തിയിരുന്നോ; കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു;

(സി) പിരിച്ചുവിടലുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നോ; കോടതി ഉത്തരവ് എന്തായിരുന്നു; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ) സീമെറ്റിന്റെ കീഴിലുള്ള മലമ്പുഴ നഴ്സിംഗ് കോളേജ് പ്രിൻസിപ്പലായി ഒരു വർഷ കരാർ വ്യവസ്ഥയിൽ ജോലി നോക്കിവന്ന ശ്രീമതി ജെ. ജാനറ്റിനെ പ്രിൻസിപ്പാൾ തസ്തികയിൽനിന്നും കരാർ കാലാവധി കഴിഞ്ഞപ്പോൾ പിരിച്ചു വിട്ടിരുന്നു. തെറ്റായ വിവരങ്ങൾ കാണിച്ച് ഇന്റർവ്യൂ ബോർഡിനെ തെറ്റിദ്ധരിപ്പിച്ചതിനാലും കരാർ വ്യവസ്ഥയുടെ ലംഘനം നടത്തിയതിനാലും നഴ്സിംഗ് കോളേജിലെ ജീവനക്കാരുടെയും രക്ഷകർത്താക്കളുടെയും നിരവധി പരാതികൾ പരിഗണിച്ചും ടിയാളുടെ ക്യാരക്ടർ ആന്റ് കോൺടക്ട് തൃപ്തികരമല്ലാത്തതിനാലും സീമെറ്റ് നടത്തിയ അന്വേഷണത്തിന് ശേഷവുമാണ് പിരിച്ചുവിട്ടത് എന്ന് സീമെറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(ബി) നടത്തിയിരുന്നു. കേരള ഗവൺമെന്റ് സർവ്വീസിൽ ആരോഗ്യ വകുപ്പിൽ മലപ്പുറം ജില്ലയിൽ സ്റ്റാഫ് നഴ്സായി 10-7-1998 മുതൽ 13-7-2003 വരെ ജോലി നോക്കിയതായി മലപ്പുറം ഡി.എം.ഒ.-യുടെ റിപ്പോർട്ടിൽനിന്നും വ്യക്തമാണ്. കേരള സർക്കാർ സർവ്വീസിൽ സ്റ്റാഫ് നഴ്സായി ജോലി ചെയ്ത 5 വർഷകാലയളവ് മറച്ചുവയ്ക്കുകയും ആ കാലയളവിൽ തന്നെ 5 വർഷം അദ്ധ്യാപക പരിചയം ഉണ്ടെന്ന എം.വി. കോളേജിലെ സർട്ടിഫിക്കറ്റ് സീമെറ്റിലെ പ്രിൻസിപ്പൽ ഇന്റർവ്യൂവിന്

* ഫെബ്രുവരിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയുള്ള പ്രൊഫോർമയിൽ കാണിച്ച് ഇന്റർവ്യൂ ബോർഡിനെ തെറ്റിദ്ധരിപ്പിച്ച് ഉയർന്ന റാങ്ക് നേടിയാണ് പ്രിൻസിപ്പൾ ജോലി കരസ്ഥമാക്കിയതെന്ന് സിമെറ്റ് അന്വേഷണത്തിൽ വ്യക്തമാക്കിയിരുന്നു എന്നും എന്നാൽ ശ്രീമതി ജാനറ്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC 10746/14 കേസിൽ വ്യാജ സർട്ടിഫിക്കറ്റും മറ്റും ഹാജരാക്കിയതുമായി ബന്ധപ്പെട്ട ആരോപണത്തിൽ കഴമ്പില്ലായെന്ന് ഹൈക്കോടതി കണ്ടെത്തിയിരുന്നതിനാൽ മേൽനടപടിക്ക് ശിപാർശ ചെയ്യുന്നില്ലെന്ന് വിജിലൻസ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WPC No: 10746/14 ആയി ഒരന്യായം ഫയൽ ചെയ്തിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഈ വിഷയവുമായി ബന്ധപ്പെട്ട വിധിന്യായത്തിൽ ടിയാളെ സിമെറ്റിന്റെ സർവ്വീസിൽനിന്നും നീക്കം ചെയ്തത് (കരാർ അടിസ്ഥാനത്തിൽ ആയതിനാൽ) പുനഃപരിശോധി ക്കേണ്ടതില്ലെന്നും മറ്റും സൂചിപ്പിച്ചുകൊണ്ട് ഹർജി തള്ളിക്കളയുകയാണ് ചെയ്തത്. കോടതി ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറ്റ് നടപടികളൊന്നും സർക്കാർ സ്വീകരിക്കേണ്ടതായിട്ടില്ല.

കൊയിലാണ്ടി താലൂക്കാശുപത്രിയിൽ സീനിയർ ദന്തൽ ഹൗസ് സർജൻസി

108(808) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൊയിലാണ്ടി താലൂക്കാശുപത്രിയിൽ സീനിയർ ദന്തൽ ഹൗസ് സർജൻസിക്കുവേണ്ടി 2015 സെപ്റ്റംബർ മുതൽ 2016 ജനുവരി 20 വരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ആരുടെയെല്ലാം അപേക്ഷകളായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര അപേക്ഷകൾ ഡി.എം.ഒ. വഴി ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസിലേക്ക് അയച്ചുവെന്നും എന്നാണ് ഓരോ അപേക്ഷയും അയച്ചതെന്നും വ്യക്തമാക്കുമോ;

(സി) എത്രപേർക്ക് പ്രസ്തുത വിഭാഗത്തിൽ ഹൗസ് സർജൻസി ചെയ്യാൻ കഴിയുമെന്നും, ഇപ്പോൾ എത്രപേർ ചെയ്യുന്നുണ്ടെന്നും അവർ ആരൊക്കെയാണെന്നും എന്നുമുതലാണ് ഓരോരുത്തരും പ്രസ്തുത പ്രവൃത്തി ആരംഭിച്ചതെന്നും വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly